For Private Circulation Only

November 2017

Vol.64

"നിങ്ങളുടെ കർത്താവ് ഏത് ദിവസത്തിൽ വരുന്നു എന്നു നിങ്ങൾ അറിയായ്കൊണ്ടു ഉണർന്നിരിപ്പിൻ" (മത്താ. 24:42)

No.11

# കർത്താവിന്റെ വരവിന് നിങ്ങൾ ഒരുക്കമാണോ?

By W.C.Moore

" യേശു പറയുന്നത്, ഒരുങ്ങിയിരിപ്പിൻ, അങ്ങനെ നിങ്ങളും നിനെയ്ക്കാത്ത നാഴികയിൽ മനുഷ്യ.പുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ " (മത്താ. 24:44).

**ഞാൻ ഒരുക്കമാണോ?**

ഒരുങ്ങിയിരിക്ക എന്നതിന്റെ അർത്ഥം തുടർച്ചയായി കർത്താവിന്റെ വരവിനായി ഒരുങ്ങി ജീവിക്കുക എന്നാണ്. ചിലർ പറയുന്നു, ഞാൻ ഒരുക്കമല്ല. എന്നാൽ വരവ് താമസിക്കുന്നതുകൊണ്ട് വരുന്നതിനുമുമ്പ് എനിക്ക് "ഒരുങ്ങാൻ കഴിയും എന്നാണ്. വിശ്വാസിയേ, സുരക്ഷിതം എന്നത് എപ്പോഴും ഒരുങ്ങിയിരിക്കുക എന്നതാണ്. എന്തുവിലകൊടുത്തും! യേശു ഒരിക്കലും അവ്യക്തമായി പറഞ്ഞിട്ടില്ല. അവിടുന്ന് സഭയുടെ തലയാണ് (എഫെ. 5:23). യേശു നമ്മുടെ കർത്താവും ഗുരുവുമാണ്. എന്താണ് സംസാരിക്കുന്നത് എന്ന് അവിടുന്ന് അറിയുന്നു. നാമും ഭൂമിയിലെ മറ്റേതൊരു വ്യക്തിയുമായോ നാമും ദൈവവുമായോ ഏതെങ്കിലും ചെറിയതോ വലിയതോ ആയ കാര്യമുണ്ടായാൽ ഉടനെ തന്നെ പരിഹാരമുണ്ടാക്കുക. നമ്മുടെ വഴിയിൽ നാം പൂർണ്ണ വിജയത്തിലല്ലെങ്കിൽ പരിശോധിച്ച് അവിടുത്തെ പ്രത്യക്ഷതയിൽ ഒരുക്കമാണ് എന്നത് ഉറപ്പുണ്ടാകുന്നതു വരെ പ്രാർത്ഥിക്കുക.

**കുറ്റം വിധിക്കാതെ**

നിങ്ങളുടെ ഹൃദയം നിങ്ങളെ കുറ്റം വിധിക്കുന്നു എങ്കിൽ (1യോഹ. 3:19-24), താമസിക്കാതെ, മാറ്റിവയ്ക്കാതെ ഉപവസിച്ച് പ്രാർത്ഥിച്ച് കർത്താവിന്റെ വരവിന് ഒരുക്കമാണെന്ന് ഉറപ്പുവരുത്തണം എന്നാണ്. എന്തുവിലകൊടുത്തും ഹൃദയം നമ്മെ കുറ്റം വിധിക്കാത്ത പദവി നാം പ്രാപിച്ച് കൃപയിൽ വളരണം ( ഗലാ. 5:16; 1യോഹ. 3:23; റോമ. 8:1). ദൈവത്തിന്റെ വചനങ്ങളെ അന്വേഷിച്ച് അതിൽ നടന്ന്, ദൈവം നൽകുന്ന വെളിച്ചത്തിൽ തുടർച്ചയായി നടന്ന് എപ്പോഴും ഒരുക്കമുള്ളവരായിരിക്കണം. ഫിലിപ്പിയർ. 3:14-ൽ പൗലൊസ് പറയുന്നത്, " പിമ്പിലുള്ളതിനെ മറന്നു മുമ്പിലുള്ളതിനെ ആഞ്ഞു ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്കു ഓടുന്നു". ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്, നമ്മുടെ ജീവിത യാഥാർത്ഥ്യങ്ങളെ വിശ്വസ്തയോടെ നേരിട്ട് ദൈവമുമ്പാകെ താഴ്മയും വിനയവും ഒരുക്കവുമുള്ളവരായിരിക്കേണം എന്നാണ്.

"ചാൾസ് ഫിന്നി" എന്ന ദൈവഭക്തൻ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയായ സ്നാനം പ്രാപിച്ച് കഴിഞ്ഞപ്പോൾ തന്റെ വാക്കുകളെ ശ്രദ്ധിക്കുന്നവരുടെ ഉള്ളിൽ പാപബോധമുണ്ടാക്കുവാൻ തന്റെ വാക്കുകൾക്ക് കഴിയുന്നു എന്ന് മനസ്സിലാക്കി. എന്നാൽ തന്നിൽ വ്യാപരിച്ച ശക്തി കുറഞ്ഞുപോകുന്നതായി അദ്ദേഹത്തിന് തോന്നി. എന്നാൽ അദ്ദേഹം മനസ്സിലാക്കിയത് എന്തെന്നാൽ ദൈവവും താനുമായിട്ടുള്ള ബന്ധം നിലനിർത്തി ശുശ്രൂഷകൾ ഫലവത്താക്കിതീർക്കുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ നിറവ് നിരന്തരമായി ഉണ്ടായിരിക്കേണ്ടതാണ്.

വിജയകരമായ ജീവിതമില്ലാതെ എങ്ങനെയാണ് വിശുദ്ധിയുടെ ഉപദേശം നമുക്ക് പ്രസംഗിപ്പാൻ കഴിയുന്നത്. ഞാൻ ഒരു കള്ളനാണെങ്കിൽ എനിക്ക് എങ്ങനെയാണ് വിശുദ്ധിയെക്കുറിച്ച് പ്രസംഗിക്കാൻ കഴിയുക. ഞാൻ അശുദ്ധനായി ജീവിച്ചിട്ട് എനിക്ക് വിശുദ്ധനായിരിക്കണം എന്ന് മറ്റുള്ളവരെ പ്രബോധിപ്പിപ്പാൻ എങ്ങനെ കഴിയും? എന്റെ നാവിനെ ഞാൻ ക്രമപ്പെടുത്താതെ നമ്മുടെ വാക്കുകൾ കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തിയതും ആയിരിക്കണം എന്ന് മറ്റുള്ളവരെ പ്രബോധിപ്പിപ്പാൻ എങ്ങനെയാണ് കഴിയുക? പറയുന്നത് "കപടഭക്തിക്കാരാ, മുമ്പെ സ്വന്തകണ്ണിൽ നിന്ന് കോൽ എടുത്തുകളക; പിന്നെ സഹോദരന്റെ കണ്ണിൽ നിന്നും കരട് എടുത്തുകളവാൻ വെടിപ്പായി കാണും (മത്താ. 7:5).

**എങ്ങനെയാണ് ഒരുങ്ങിയിരിക്കാൻ കഴിയുക.**

ആത്മാവിന്റെയും മനസിന്റെയും ശരീരത്തിന്റെയും ആവശ്യങ്ങൾ നിറവേറ്റപ്പെടുവാൻ പ്രാർത്ഥനയ്ക്ക് മറുപടിയുണ്ടാകുവാനും ഉള്ള ഏകവഴി പൂർണ്ണഹൃദയത്തോടെ ദൈവത്തെ അന്വേഷിക്ക എന്നതാണ്. ചിലപ്പോൾ ചിന്തിക്കാറുണ്ട്, പൂർണ്ണ ഹൃദയത്തോടെ ഞാൻ ദൈവത്തെ അന്വേഷിച്ചു എന്നാൽ കണ്ടെത്തിയില്ല- എന്നാൽ ഒരു കാരണവശാലും നാം നമ്മെതന്നെ വഞ്ചിക്കരുത്. ദൈവവചനം സത്യമാണ്. അതിന് മാറ്റമില്ല, " നിങ്ങൾ അന്വേഷിക്കും; നിങ്ങൾ എന്നെ പൂർണ്ണഹൃദയത്തോടെ എന്നെ അന്വേഷിക്കുമ്പോൾ കണ്ടെത്തും (യിരെ. 29:13). ഇരുമനസ്സുള്ളവരെ സൂക്ഷിക്കേണം. ദൈവം വിജയം നൽകും (1കൊരി. 15:57). ആദ്യം നമ്മെത്തന്നെ സൂക്ഷിക്കേണം. പിന്നെ ആത്മാവിന്റെ ശക്തിയോടെ മറ്റുള്ളവരെ പ്രബോധിപ്പിക്കണം.

" സീയോനിൽ കാഹളം ഊതുവിൻ. ഉറങ്ങുന്ന ദൈവജനത്തെ ഓരോ ദേശങ്ങളിലും ഉണർത്തുവിൻ. ഒരുങ്ങിയിരിപ്പാൻ അവരോടു പറയുവിൻ ". ഇതാ ന്യായാധിപതി വാതിൽക്കൽ നിൽക്കുന്നു. അവിടുത്തേയ്ക്ക് ഒരുക്കപ്പെട്ടൊരു ജനമുണ്ട്. അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു. ഒരുങ്ങിയിരുന്നവർ അവനോടുകൂടെ കല്യാണ സദ്യയ്ക്ക്

(ശേഷം 5-ാംപേജിൽ)

# സമ്മർദ്ദത്തിലായിരിക്കുന്ന വർക്ക് വിജയം

By J.Sidlow Baxter

ഇന്നത്തെ സമ്മർദ്ദങ്ങൾ മുഴുവനും അസ്ഥിരതകളുടെ ഉല്പന്നമാണ്. വലിയ കാര്യങ്ങളെക്കുറിച്ചുള്ള അസ്ഥിരത അന്തരാഷ്ട്രീയ കാര്യങ്ങൾ, പ്രത്യാഘാതങ്ങളെ സംബന്ധിച്ച ഭയം. ഭാവിയെ സംബന്ധിച്ച ആകാംക്ഷ വിട്ടുമാറാത്ത രോഗങ്ങളെ സംബന്ധിച്ച ചിന്ത. ജീവിതം തന്നെ ആകാംക്ഷ നിറഞ്ഞതാണ്. ആകാംക്ഷ സങ്കടമുണ്ടാക്കുന്നു. സങ്കടം എന്നതിന്റെ അർത്ഥം സമ്മർദ്ദം എന്നാണ്.

പൗലൊസ് പറയുന്നത് "സഹോദരന്മാരേ ആസ്യയിൽ ഞങ്ങൾക്ക് ഉണ്ടായ കഷ്ടം നിങ്ങൾ അറിയാതിരിപ്പാൻ ഞങ്ങൾക്ക് മനസ്സില്ല; ജീവനോടിരിക്കുമോ എന്ന് നിരാശ തോന്നുമാറു ഞങ്ങൾ അല്ല ശക്തിക്കു മീതെ അത്യന്തം ഭാരപ്പെട്ടു" (2കൊരി. 1:8).

വിശ്വാസികൾക്ക് ഈ ദിവസങ്ങളിൽ സ്ഥിരതയുണ്ട്. അപ്പോൾ തന്നെ വെല്ലുവിളികളുമുണ്ട്. യഥാർത്ഥ ക്രിസ്ത്യാനിത്വം ഒരിക്കലും എളുപ്പമുള്ളതല്ല. അത് ഇപ്പോൾ അല്പം എളുപ്പമായി തോന്നാം. എപ്പോഴും അങ്ങനെയല്ല. പുറമേയുള്ള സമ്മർദ്ദങ്ങൾ ഒരു പക്ഷേ നമ്മെ ശ്രേഷ്ഠന്മാരാക്കിത്തീർക്കാറുണ്ട്. എന്നാൽ അകമേയുള്ള സമ്മർദ്ദങ്ങൾ ഓരോ ദിവസവും നമ്മുടെ നാഡീഞരമ്പുകളെപ്പോലും ബാധിച്ചു ആത്മികമായും തളർന്നുപോകുന്നു.

ഒരു അവിശ്വാസി ചിലപ്പോൾ ക്ഷമയില്ലാത്തവനായിത്തീർന്നിട്ട് ഉപദ്രവകാരിയോ അപകടകാരിയോ ആയിത്തീരാറുണ്ട്. എന്നാൽ ഒരു വിശ്വാസിയുടെ ജീവിതത്തിൽ സമ്മർദ്ദമേറുമ്പോൾ അത് അവന്റെ ജീവിതത്തിൽ പ്രതിഫലിക്കാറുണ്ട്. നമ്മുടെ ക്രീസ്തീയ ജീവിതത്തിന്റെ സന്തോഷവും സമാധാനവും, ദീർഘക്ഷമയുമെല്ലാം ഇങ്ങനെയുള്ള സമ്മർദ്ദങ്ങൾക്കിടയിലാണോ ആകേണ്ടത്? സമ്മർദ്ദങ്ങളോട് എതിർത്തു നില്ക്കയോ അതിനെ അതിജീവിക്കയും അല്ലേ വേണ്ടത്?

ദുഷ്ടനായ പിശാച് ഈ ദിവസങ്ങളിൽ ദൈവജനത്തിന്റെ ക്ഷമയെ ഇല്ലാതാക്കാനും, നമ്മുടെ സമാധാനത്തെ നഷ്ടമാക്കാനും, നമ്മുടെ സന്തോഷത്തെ ഇല്ലായ്മ ചെയ്യുവാനും, നമ്മുടെ ആത്മീയ ജീവിതത്തെ തണുപ്പിച്ചുകളയാനും, നമ്മുടെ സാക്ഷ്യത്തെ നിശബ്ദമാക്കാനും അത്രേ അന്വേഷിക്കുന്നത്.

സഹിക്കാൻ കഴിയാത്ത സമ്മർദ്ദം( 2കൊരി. 1:8). പൗലൊസ് പലപ്പോഴും ഇങ്ങനെയുള്ള സമ്മർദ്ദത്തിലായിട്ടുണ്ട്. അവിടെയെല്ലാം നമ്മെ നടത്തുന്ന ത്രിയേക ദൈവം കൂടെയുണ്ട്. പിതാവാം ദൈവം നമുക്കു മുകളിലുണ്ട്. പുത്രനായ ദൈവം നമുക്ക് സമീപെയുണ്ട്. പരിശുദ്ധാത്മാവാം ദൈവം നമ്മുടെ അകത്തുണ്ട്. നിങ്ങൾ സകലത്തിലും എപ്പോഴും പൂർണ്ണ തൃപ്തിയുള്ളവരായി സകല സൽപ്രവൃത്തിയിലും പെരുകിവരുമാറ് നിങ്ങളിൽ സകല കൃപയും പെരുക്കുവാൻ ദൈവം ശക്തനാകുന്നു (2 കൊരി. 9:8). ആ വലിയ ഉറപ്പ് ദൈവം തരുന്നു. നമ്മുടെ ദൈവം എല്ലാറ്റിനും മതിയായവൻ. സമ്മർദ്ദങ്ങളിൽ അവിടുന്ന് നമ്മെ കാ ക്കുന്നു. പരീശോധനകളിൽ ദീർഘക്ഷമ തരുന്നു; നിറഞ്ഞ പ്രാർത്ഥനയും സമർപ്പണവും നമുക്കാവശ്യം.

❖

*കർത്താവിൽ പ്രിയരേ,*

*യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം. "എനിക്കു മുമ്പേ ഒരു ദൈവവും ഉണ്ടായിട്ടില്ല, ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല. നിങ്ങളുടെ ഇടയിൽ ഒരു അന്യദേവനല്ല, ഞാൻ തന്നേ പ്രസ്താവിക്കയും രക്ഷിക്കയും കേൾപ്പിക്കയും ചെയ്തതു; അതുകൊണ്ടു നിങ്ങൾ എന്റെ സാക്ഷികൾ എന്നു യഹോവയുടെ അരുളപ്പാടു; ഞാൻ ദൈവം തന്നേ ഇന്നും ഞാൻ അനന്യൻ തന്നേ. എന്റെ കയ്യിൽ നിന്നു വിടുവിക്കുന്നവൻ ആരുമില്ല. ഞാൻ പ്രവർത്തിക്കും ആർ അതു തടുക്കും" (യെശ. 43:1014)*

*2017-ാം വർഷത്തിന്റെ ഒക്ടോബർ മാസം നമ്മെ വിട്ട് കടന്നുപോയി. നവംബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.*

*നാം ഓരോരുത്തരും ദൈവത്തിന്റെ മക്കൾ ആകുന്നു. നമ്മുടെ പിതാവ് സർവ്വശക്തനായ ദൈവമാണെന്ന് വിശ്വസിച്ച് മറ്റുള്ളവരോട് നമുക്ക് പങ്കിടാം. കർത്താവ് എന്തെല്ലാം തന്റെ തിരുവചനത്തിൽ പറഞ്ഞിരിക്കുന്നുവോ അതാണ് വിശ്വാസം. ഫലം നിങ്ങളിൽ കാണപ്പെടുമ്പോൾ ബന്ധുക്കളും കുടുംബാംഗങ്ങളും വിശ്വാസത്താൽ നിറയപ്പെട്ട അവരുടെ ജീവിതങ്ങളിൽ അനുഗ്രഹങ്ങൾ പ്രാപിക്കും.*

*മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ തിരുവനന്തപുരം എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.*

*എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.*

*മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.*

*എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,*

*ബിന്ദു.എം*


# ആഗമനദൂതൻ



ബിന്ദു.എം
എഡിറ്റർ
Mob:8589901702

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9809882926
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
**E-mail:bindhum1971@yahoo.in**
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

# ആർ നേരത്തേ എഴുന്നേറ്റ് എന്നോടുകൂടെ പ്രാർത്ഥിക്കും?

By H.W.Hodge

നമ്മുടെ കർത്താവായ യേശുക്രിസ്തു കാണിച്ച ഒരു മാതൃക ഇപ്രകാരമാണ്. " അതികാലത്തു ഇരുട്ടോടെ അവൻ എഴുന്നേറ്റു പുറപ്പെട്ട് ഒരു നിർജ്ജന സ്ഥലത്തു ചെന്ന് പ്രാർത്ഥിച്ചു" (മത്താ. 1:35).

ആർ എന്നോടുകൂടെ എഴുന്നേൽക്കും? മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കായി ആർ ദൈവസന്നിധിയോട് അടുത്തുവരും? അങ്ങനെയുള്ള ഒരാളാണോ നിങ്ങൾ? ദൈവകൃപയിലാശ്രയിച്ച് പോരാടുവാൻ നിങ്ങൾ ഒരുക്കമാണോ? ഒരുവൻ പോരാടുവാൻ ശ്രമിക്കുമ്പോൾ, അനുതപിക്കുമ്പോൾ, പ്രാർത്ഥിക്കുമ്പോൾ, ദൈവസിംഹാസനത്തിൻമുമ്പിൽ ആളുകൾക്കുവേണ്ടി മദ്ധ്യസ്ഥതയണയ്ക്കുമ്പോൾ ലോകം, ജഡം, പിശാച് ഒരുമിച്ചു പോരാടുമ്പോൾ പൂർണ്ണമായി സമർപ്പിക്കപ്പെട്ട ഒരു വ്യക്തിയെ അല്ലെങ്കിൽ ഒരു കുടുംബത്തെ ഞാൻ കണ്ടുപിടിക്കേണ്ടതല്ലയോ? അങ്ങനെ പ്രാർത്ഥിക്കുവാൻ നിങ്ങൾ തീരുമാനിച്ചിട്ടുണ്ടോ? സ്വന്തമഹത്വം അന്വേഷിക്കുന്നവന് ഇങ്ങനെ പ്രാർത്ഥിക്കുവാൻ സാദ്ധ്യമല്ല.

### സ്വയത്യാഗത്തിനുള്ള വിളി

അതിരാവിലെ പ്രാർത്ഥിക്കുവാൻ ഞാൻ നിങ്ങളെ വിളിക്കുന്നു. എന്റെ മനസ്സ് അതിനായി ജ്വലിക്കുന്നു. സ്വയത്യാഗത്തിനായി ഞാൻ നിങ്ങളെ വിളിക്കുന്നു. സ്വയത്യാഗം ജീവന്റെ പ്രമാണമാണ്. ഞാൻ നിങ്ങളെ അതിനായി വിളിക്കുന്നു. ചുരുങ്ങിയ ദിവസം കൊണ്ട് അത് നിങ്ങളുടെ ജീവിതത്തിന്റെ സ്വഭാവമായിത്തീരും. ഞാൻ നിങ്ങളെ ഉന്നതമായ ഒരു ലക്ഷ്യത്തിനുവേണ്ടി വിളിക്കുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മുടെ മനസിനെ തന്റെ പ്രവൃത്തിക്ക് വിളനിലവും നമ്മുടെ കണ്ണുകളെ കണ്ണുനീരിന്റെ നീരുറവയുമാക്കും. നിങ്ങളുടെ അകത്ത് ദൈവം പ്രവർത്തിക്കും. അപ്പോൾ നിങ്ങളുടെ കണ്ണുകൾ നഷ്ടപ്പെട്ടവർക്കു വേണ്ടി നനയും.

" കൂടുതൽ ദൈവത്തിനു വേണ്ടി പ്രയോജനപ്പെട്ടവർ എല്ലാം തന്നെ അതിരാവിലെ സമയങ്ങളിൽ മുഴങ്കാലിൽ നിന്നവരാണ്. നമ്മുടെ ചിന്തകളിലോ പ്രവൃത്തികളിലോ അതിരാവിലെ ഒന്നാമത്തെ കാര്യമായി ദൈവം ഇല്ലെങ്കിൽ, നമ്മുടെ ദിവസത്തിന്റെ ഒടുവിൽ ഒരു ശേഷിപ്പായി മാത്രം ദൈവം ഇരിക്കും. അതിരാവിലെ ദൈവത്തെ അന്വേഷിക്കുന്ന കാര്യത്തിൽ നമ്മുടെ ഹൃദയം പിന്നിലാണെങ്കിൽ ആത്മീയ ജീവിതത്തിന്റെ മാധുര്യം നമ്മിൽ കുറയുകയാണ്.

### അതിരാവിലെയുള്ള പ്രാർത്ഥനയുടെ സന്തോഷം

എട്ടു വർഷങ്ങൾക്കു മുമ്പ് ഞാൻ അതിരാവിലെ പ്രാർത്ഥിക്കുവാനാരംഭിച്ചു. അതിരാവിലെ എഴുന്നേൽക്കുക എന്നത് ഒരു പരീക്ഷണമല്ല, പ്രത്യുതാ, അതൊരു വിജയമാണ്. ആരംഭത്തിൽ ഭൗതിക മനുഷ്യൻ അതിനെ എതിർക്കും. ജഡം ശരീരത്തെ ലാളിച്ച് വളർത്തും. മനസ്സിന്റെ ആഗ്രഹത്തെ അത് എതിർക്കും. അതിരാവിലെ പ്രാർത്ഥിക്കുവാൻ പിശാച് അനുവദിക്കയില്ല. മനുഷ്യൻ അതിനെ പ്രോത്സാഹിപ്പിക്കയുമില്ല. പാതാളവും അതിനോട് എതിർത്തു നില്ക്കും. നൂറിൽ 90 പേരും പറയും ഇത് സ്വയം അടിച്ചേൽപ്പിക്കുന്ന ഒരു ഏകാധിപത്യചിന്തയാണ്.

എന്നാൽ ദൈവത്തിന്റെ മനുഷ്യാ, അതിന് ചെവികൊടുക്കരുത്! സ്വയാസക്തി ജഡത്തിന്റെ പ്രമാണമാണ്. സ്വയത്തെ ത്യജിക്ക എന്നത് ജീവന്റെ പ്രമാണമാണ്.

മണിക്കൂറുകൾ ദൈവസന്നിധിയിൽ ചെലവിടുന്നതിനാൽ ലോകത്തിൽ നമുക്ക് ലഭിക്കുന്ന സന്തോഷം, നമ്മുടെ പരിശോധനകൾക്കും കഷ്ടങ്ങൾക്കും പരിഹാരമാവുകയും അങ്ങനെ ദൈവത്തിന് നാം കൊടുക്കന്ന മഹത്വവും നമ്മുടെ ജീവിതത്തിൽ ലഭിക്കുന്ന സന്തോഷവും ഒരിക്കലും മറ

(ശേഷം 6–ാം പേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| അംഗീകരിക്കുക | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)* |
| പശ്ചാത്തപിക്കുക | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)* |
| ഏറ്റുപറയുക | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| ഉപേക്ഷിക്കുക | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| ശുദ്ധീകരിപ്പെടുക | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| വിശ്വസിക്കുക | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| സമർപ്പിക്കുക | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| പ്രാപിച്ചെടുക്കുക | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |

# ജോർജ്ജ് മുള്ളറും പ്രാർത്ഥനയിൽ തന്റെ ശക്തിയുടെ രഹസ്യവും

By Andrew Murray

ആർക്കും മനസ്സിലാക്കാനോ അനുഭവമാക്കുവാനോ കഴിയാത്ത ഒരു സത്യത്തെ പുതുതായി തന്റെ ജനത്തെ പഠിപ്പിക്കുവാൻ ദൈവം ആഗ്രഹിക്കുമ്പോൾ അതിനു വേണ്ടി വാക്കിലും പ്രവർത്തിയിലും വ്യത്യസ്തമായി ജീവിച്ച്, അനുഗ്രഹിക്കപ്പെട്ട സാക്ഷികളാകുവാൻ ദൈവം ചിലരെ എഴുന്നേൽപിക്കുവാൻ ഒരു മനുഷ്യനെ എഴുന്നേൽപ്പിച്ചു. ജോർജ്ജ് മുള്ളർ ദൈവവചനത്തിന്റെ പ്രധാന സത്യങ്ങളിലൊന്നായ പ്രാർത്ഥനയുടെ ശക്തിയെ സ്വന്തജീവിത അനുഭവങ്ങളിലൂടെ വെളിപ്പെടുത്തിയ ആ മഹാമനുഷ്യന്റെ അനുഭവത്തിന്റെ വാക്കുകളെ നമുക്ക് ശ്രദ്ധിക്കാം.

1805 സെപ്തംബർ 25-ാം തീയതി പ്രൂഷ്യ എന്ന സ്ഥലത്ത് ജോർജ്ജ് മുള്ളർ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം ഹല്ലേ എന്ന യൂണിവേഴ്സിറ്റി കോളേജിൽ ഒരു ദൈവശാസ്ത്ര വിദ്യാർത്ഥിയായി ചേർന്നു. 20 വയസ്സുള്ളപ്പോൾ ഒരു സുഹൃത്ത് മുള്ളറിനെ ഒരു പ്രാർത്ഥനായോഗത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപേയി. അത് തന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവായിത്തീരുകയും യേശുവിനെ തന്റെ രക്ഷകനും കർത്താവുമായി സ്വീകരിക്കയും ചെയ്തു. ചെറിയ സഭയുടെ പാസ്റ്ററായി 1832-ൽ ബ്രിസ്റ്റോൾ എന്ന സ്ഥലത്തുള്ള സ്ഥാപനത്തിലേക്ക് താമസം മാറ്റി. അവിടെ ബഥേസ്ദാ ചാപ്പലിലെ പാസ്റ്ററായി നിയമിതനായി. അവിടെ ഒരു അനാഥശാലയും മറ്റു ചില പ്രവർത്തനങ്ങളും ഉണ്ടായിരുന്നു.

**പ്രാർത്ഥനയിലും വിശ്വാസത്തിലും മുന്നേറുന്നു.**

ബ്രിസ്റ്റോളിൽ താമസമായി അധികം താമസിക്കും മുമ്പേ ദൈവവചനം പഠിപ്പിക്കുവാനായി ബൈബിൾ ക്ലാസ്സ്, സണ്ടേസ്കൂൾ, മറ്റു മിഷൻ പ്രവർത്തനങ്ങളും ആരംഭിച്ചു. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു അനാഥശാലയും ഉണ്ടായിരുന്നു. 1834-ൽ തനിക്ക് ഹൃദയഭേദകമായ ഒരു സംഭവമുണ്ടായി. അവിടെയുണ്ടായിരുന്ന അനാഥശാലകളിലൊന്നിലെ ഒരു അനാഥബാലനെ മുള്ളർ ക്രിസ്തുവിങ്കലേക്ക് നടത്തി. എന്നാൽ ആ ബാലന് വേറൊ രു അനാഥശാലയിലേക്ക് പോകേണ്ടിവന്നു. അവിടെ തനിക്ക് ആത്മീകമായ കൂട്ടായ്മയോ കൈതാങ്ങലോ ലഭിച്ചില്ല.

1835 നവംബർ 20-ാം തീയതി താൻ എഴുതിയ തന്റെ വാക്കുകളിൽ ഇന്ന് ഒരു അനാഥശാല തുടങ്ങുന്നതിനെക്കുറിച്ച് ഞാൻ ചിന്തിക്കുന്നു. അതിനെക്കുറിച്ചുള്ള ദൈവജനത്തിനായി പ്രാർത്ഥിക്കാൻ തുടങ്ങി. ദൈവം അത് സാധിപ്പിക്കട്ടെ. നവംബർ 25-ാം തീയതി താൻ വീണ്ടും എഴുതി. അനാഥശാലയ്ക്കു വേണ്ടി ഞാൻ ഇന്നലെയും ഇന്നും ശക്തിമായി പ്രാർത്ഥിച്ചു. എനിക്ക് അതിനെക്കുറിച്ച് വളരെ ആവശ്യബോധമുണ്ടായി. ദൈവം തന്റെ കരുണയാൽ എന്നെ നടത്തട്ടെ.

അനാഥശാലയുണ്ടാകേണ്ടതായ മൂന്ന് കാരണങ്ങൾ ദൈവത്തിന്റെ നാമം മഹിമപ്പെടണം. എന്നെ അതിനായി ഉപയോഗിക്കും. ഈ പ്രയത്നം അനുഗ്രഹിക്കപ്പെടുവാൻ ദൈവത്തിൽ ആശ്രയിക്കണം. അങ്ങനെ കുട്ടികളുടെ വിശ്വാസം ദൈവത്തിൽ ബലപ്പെടണം. 2)അപ്പനും അമ്മയും ഇല്ലാത്ത കുട്ടികളുടെ ക്ഷേമം ഉറപ്പാക്കണം. 3)അവരുടെ പൊതുവായ ക്ഷേമം".

ചില മാസങ്ങളുടെ പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും ഫലമായി മുപ്പതു കുട്ടികളെ താമസിപ്പിക്കാൻ കഴിയുന്ന ഒരു വീട് വാടകയ്ക്കെടുത്തു. പിന്നെ 120 കുട്ടികളെ പാർപ്പിക്കാനുള്ള സൗകര്യമുണ്ടാക്കി. ഈ നിലയിൽ 10 വർഷങ്ങൾ മുന്നോട്ടുപോയി. അനാഥശാലയുടെ ആവശ്യങ്ങൾ മുഴുവനും ദൈവത്തോടു മാത്രം ചോദിച്ചുവാങ്ങി. ഇത് പലപ്പോഴും കയ്പേറിയതും വളരെ പ്രാർത്ഥനയുടെയും ദിവസങ്ങളായിരുന്നു. എന്നാൽ അഴിഞ്ഞുപോകുന്ന പൊന്നിനെക്കാളും വിശ്വാസത്തിന്റെ പരിശോധന വിലയേറിയത് എന്ന് അനുഭവിച്ചറിയുവാനും അതിലൂടെ ദൈവത്തിനു കൂടുതൽ സ്തുതിയും മഹത്വവും കൊടുക്കുവാൻ കഴിഞ്ഞ നാളുകളുമായിരുന്നു. ദൈവം തന്റെ ഭക്തനിലൂടെ ശ്രേഷ്ഠമായ കാര്യങ്ങൾ ചെയ്തുകൊണ്ടിരുന്നു.

ദൈവം തന്റെ പരിശുദ്ധാത്മാവിന്റെ നിയോഗത്താലും കരുതലിനാലും 300 കുട്ടികളെ താമസിപ്പിക്കുവാനുള്ള ചെലവിലേയ്ക്കായി 15000 പൗണ്ടിനുവേണ്ടി പ്രാർത്ഥിക്കയും കാത്തിരിക്കയും ചെയ്തു. 1849-ൽ ഈ ആദ്യത്തെ കെട്ടിടം തുറക്കപ്പെട്ടു. 1858-ൽ 950 കുട്ടികളെകൂടെ താമസിപ്പിക്കാനുള്ള കെട്ടിടവും തുറക്കപ്പെട്ടു. ആകെ 2100 കുട്ടികളെ താമസിപ്പിക്കുവാനുള്ള സൗകര്യം ഒരുക്കപ്പെട്ടു.

ദൈവം പിന്നെയും തന്റെ പ്രവർത്തനങ്ങളെ അനുഗ്രഹിച്ചു. സ്കൂളുകൾ, ട്രാക്റ്റ്, ബൈബിൾ, ബൈബിൾ സാഹ്യത്യങ്ങൾ തുടങ്ങിയവയുടെ അച്ചടി വിതരണങ്ങൾ, അനാഥശാലയ്ക്ക് കെട്ടിടങ്ങൾ, കെട്ടിടങ്ങളുടെ പുതുക്കിപ്പണികൾ, അനാഥക്കുഞ്ഞുങ്ങളുടെ ചെലവുകൾ എല്ലാം ദൈവം നൽകിക്കൊണ്ടിരുന്നു. നീണ്ടതായ 50 വർഷങ്ങളിൽ പത്തു ലക്ഷം പൗണ്ടിലധികം ചെലവിഴിക്കുവാൻ തക്കവണ്ണം ദൈവം തന്റെ ദാസന് നൽകി.

ദൈവവചനത്തിന്റെയും പരിശുദ്ധാത്മാവിന്റെയും നിയോഗം അനുസരിച്ച് റ്റെയിൻ മൗത്ത് എന്ന സ്ഥലത്ത് പാസ്റ്ററായിരിക്കുമ്പോൾ ഒരു വർഷത്തിലെ ശമ്പളമായി 30 പൗണ്ട് ദൈവവേലയ്ക്കായി കൊടുത്തു. തന്റെ വിശ്വാസത്തിനും അനുസരണത്തിനും പ്രതിഫലമായി വലിയ ദൗത്യത്തിനുവേണ്ടി തന്നെ ഒരുക്കുകയായിരുന്നു. "അല്പത്തിൽ വിശ്വസ്തനായിരിക്ക; ഞാൻ നിന്നെ അധികത്തിന് വിചാരകനാക്കും".

ഈ കാര്യങ്ങൾ നമുക്കു മാതൃകയായി സംഭവിപ്പാൻ ഇടയായി. ജോർജ്ജ് മുള്ളറിന്റെ പിൻതുടർച്ചക്കാരായിരിപ്പാൻ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. മുള്ളർ ദൈവകയ്യിലെ ഒരു ഇണങ്ങിയ ആയുധമായിരുന്നു. മുള്ളറിന്റെ ദൈവം നമ്മുടെയും ദൈവമാണ്. തന്നോടുള്ള വാഗ്ദത്തം നമ്മുടേതുമാണ്. സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും പ്രവൃത്തിയായി താൻ ചെയ്ത വേലയ്ക്കു വേണ്ടി ദൈവം നമ്മെയും വിളിക്കുന്നു.

**ദൈവത്തിന്റെ മഹത്വത്തിനായി**

ദൈവത്തിന്റെ പരിശുദ്ധാത്മാവ്, പ്രാർത്ഥിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തു

(ശേഷം 8-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച )

## കർത്താവിന്റെ വരവിന് നിങ്ങൾ ഒരുക്കമാണോ?

ചെന്നു; വാതിൽ അടക്കയും ചെയ്തു. (മത്താ. 25:10). നിങ്ങൾ ഒരുക്കപ്പെട്ടവരുടെ കൂട്ടത്തിലാണോ? നാം നമ്മെ ത്തന്നെ ത്യജിച്ച് ഒരുങ്ങിയിരിക്കണം (ലൂക്കൊ. 21:34, 35). തന്നത്താൻ ത്യജിക്കണം; ഉണർന്നു പ്രാർത്ഥിച്ചും കൊണ്ടിരിക്കേണം (ലൂക്കൊ. 21:36). വരുവാനുള്ള എല്ലാ അനിഷ്ട സംഭവങ്ങളിലും നിന്നും ഒഴിഞ്ഞുമാറുവാൻ കർത്താവിന്റെ മുമ്പാകെ നില്ക്കയും ചെയ്യേണ്ടതിന് ഒരുങ്ങിരിപ്പിൻ".

### ഉപയോഗിക്കപ്പെടുക അല്ലെങ്കിൽ നഷ്ടപ്പെടുക

നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിനുവേണ്ടി ഒരു ദാഹമുണ്ടായാൽ പരിശുദ്ധാത്മാവിന്റെ നിർദ്ദേശത്തെ മാറ്റി വയ്ക്കാതെ ദൈവത്തെ കൂടുതലായി അന്വേഷിക്കണം. വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കുന്നതിനോ ദൈവത്തെ മഹത്വപ്പെടുത്തുന്നതിനോ കഴിയുന്നില്ലെങ്കിൽ നിങ്ങൾക്ക് അയ്യോ കഷ്ടം (ആമോ. 6:1). " ശീതവാനോ ഉഷ്ണവാനോ ആകാതെ ശീതോഷ്ണവാനായിരുന്നതാൽ നിന്നെ എന്റെ വായിൽ നിന്ന് ഉമിണ്ണ് കളയും " (വെളി. 3:16,17). ദൈവത്തെ വിളിച്ചപേക്ഷിക്കയും അവിടുത്തെ മുറുകെ പിടിക്കയും വേണം (യെശ.64:7); ഉല്പത്തി. 32:24-28 -ൽ യാക്കോബ് അങ്ങനെ ചെയ്തു. ദാനി. 9:3,4-ൽ ദാനിയേൽ അങ്ങനെ ചെയ്തു. "ഗത്ശമനയിൽ യേശു ചെയ്തതുപോലെ രക്തം ഊറ്റികൊടുക്കേണ്ടിവന്നാലും മുഴു ഹൃദയത്തോടെ നില്ക്കണം" (ലൂക്കോ. 22:39 -46). നിങ്ങൾ ദൈവത്തെ അന്വേഷിക്കാതെ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ നിർബ്ബന്ധത്തിന് വഴങ്ങാതെ നാം പ്രാർത്ഥിക്കാതെയോ ജാഗരിക്കാതെയോ ഇരുന്നാൽ നമ്മെ അനുഗ്രഹിക്കയില്ല എന്ന് മാത്രമല്ല; " ഉള്ളതിനെ കൂടെ എടുത്തുകളയും " (മത്താ. 25:29). എന്നാൽ ജീവിതത്തിന്റെ ഒന്നാം സ്ഥാനം ദൈവത്തിന് കൊടുക്കാം. ദൈത്തിന്റെ പരിശുദ്ധാത്മാവിന്റെ ആലോചനയെ ശ്രദ്ധിക്കാം. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രവൃത്തിക്കായി നമ്മെ ഏല്പിക്കാം എന്തു വിലകൊടുത്തും തുടർച്ചയായി വിജയകരമായി ജീവിക്കാം. ദൈവത്തിന്റെ ഇഷ്ടം ചെയ്തില്ലെങ്കിൽ നാം നശിച്ചുപോകും.

### കർത്താവിനായി കാത്തിരിക്ക

മാർത്തയെപ്പോലെ പലതിനെച്ചൊല്ലി കലങ്ങിപ്പോകാതെ (ലൂക്കൊ. 10:38-42). ദൈവത്തിനായി കാത്തിരുന്ന് ശക്തി പ്രാപിക്കണം. "അവൻ ക്ഷീണിച്ചിരിക്കുന്നവന്നു ശക്തി നൽകുന്നു; ബലമില്ലാത്തവന് ബലം വർദ്ധിപ്പിക്കുന്നു". "ബാല്യക്കാർ ക്ഷീണിച്ചു തളർന്നു പോകും; യൌവനക്കാരും ഇടറിവീഴും, എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും (യെശ. 40:29-31). ജഡത്തിന് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല (യോഹ. 6:61). നമ്മുടെ വഴികൾ നശിച്ചുപോകുന്ന വഴികളാണ്. നാം ദൈവത്തെ കോപിപ്പിക്കുന്നവരായി, വഴക്കമില്ലാത്തവരായി, കയ്പായി, ആകുലചിത്തരായി, ഭയമുള്ളവരായി ഇരിക്കുന്നു എങ്കിൽ കർത്താവ് ആഗ്രഹിക്കുന്നത് അവയെല്ലാം വിട്ട് ദൈവത്തിനായി കാത്തിരുന്ന് അവിടുത്തെ മാധുരിമയും, ശക്തിയും ജ്ഞാനവും അനുഭവിച്ചു ജീവിക്കുവാനാണ്.

### എല്ലാം .....സ്നേഹത്തിൽ

"നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്‌വിൻ " (1കൊരി. 16:14). എല്ലാം സ്നേഹത്തിൽ ചെയ്യുവാൻ ഒരു പക്ഷേ നമുക്കു കഴിയുന്നില്ല എന്ന് തോന്നിയാൽ അനുതപിച്ച് തിരിഞ്ഞ്, സ്നേഹത്തിൽ പ്രവർത്തിക്കുവാൻ, സ്നേഹത്തിൽ സംസാരിക്കുവാൻ, സ്നേഹത്തിൽ പ്രാർത്ഥിക്കുവാൻ സ്നേഹത്തിൽ ചിന്തിക്കുവാൻ ദൈവത്തിന്റെ സഹായത്തിനായി അപേക്ഷിക്കണം. നമ്മുടെ തിരക്കേറിയ ജീവിതത്തിൽ പ്രത്യേകിച്ച് ദൈവവേലയിലാണെങ്കിൽ എപ്പോഴും ഉണർന്ന് പ്രാർത്ഥിപ്പാൻ കഴിയാതെ വന്നാൽ ദൈവത്തിന്റെ വചനം താഴ്മയോടെ ഏറ്റെടുക്കാൻ കഴിയാതെ വന്നാൽ നമ്മുടെ ജീവിതത്തിലും ശുശ്രൂഷയിലും നിന്ന് സ്നേഹം കുറഞ്ഞു പോകാൻ സാദ്ധ്യതയുണ്ട്. നാം നമ്മെ പരിശോധിക്കണം, നന്നായി സൂക്ഷിക്കണം, നന്നായി പ്രാർത്ഥിക്കണം, നമ്മിൽ പ്രവർത്തിക്കുന്ന ആത്മാവ് ഏതെന്ന് നാം തിരിച്ചറിയണം, സാത്താന്റെ നതന്ത്രങ്ങളെ തിരിച്ചറിയണം പഴയമനുഷ്യൻ ഉയർന്നു വരുന്നുണ്ടോ എന്ന് സ്വയശോധന ചെയ്യണം. നമ്മുടെ വാക്കുകൾ പ്രവർ ത്തികൾ ചിന്തകൾ എല്ലാം പൂർണ്ണ അളവിൽ ദൈവ ത്തെ പ്രസാദിപ്പിക്കുന്നുണ്ടോ എന്ന് നാം പരിശോധിക്കണം. നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് താഴ്മയോടും വിനയത്തോടും ദൈവമുമ്പാകെ നടക്കുവാൻ ദൈവം നമുക്ക് കൃപ ചെയ്യുമാറാകട്ടെ. 1കൊരി. 13 -ാം അദ്ധ്യായം യഥാർത്ഥ സ്നേഹത്തിന്റെ നിർവ്വചനവും വലിപ്പവും പരിശുദ്ധിയുമെല്ലാം വെളിപ്പെടുത്തുന്നു. പലപ്പോഴും ആസക്തികളും പുറമേയുള്ള പ്രകടനങ്ങളും ആയി നമ്മുടെ സുവിശേഷ വേലപോലും ആയിത്തീരുന്നതിനുള്ള കാരണം, ആദ്യ സ്നേഹം നഷ്ടപ്പെട്ടിട്ട് മരം പുല്ല് വൈക്കോൽ കൊണ്ടു പണിയുന്നവരായി നമ്മുടെ ചിന്തകൾ പ്രകടനങ്ങൾ, നമ്മുടെ മുഖത്തെ ഭാവം പോലും ചൂണ്ടിക്കാണിക്കുന്നത്, പരിശുദ്ധാത്മാവല്ല നമ്മെ നയിക്കുന്നത് എന്നാണ്. എന്നാൽ നാം മറ്റൊരു ലോകത്തിലാണ് പരിശുദ്ധാത്മാവുമായി നമുക്കൊരു ബന്ധവുമില്ല.

### ഓർമ്മിക്കുക, അനുതപിക്കുക

നമ്മുടെ ഹൃദയത്തിൽ നിന്നും, ജീവിതത്തിൽ നിന്നും സ്നേഹം നഷ്ടപ്പെടുമ്പോൾ, യഥാർത്ഥ ദൈവസ്നേഹം നഷ്ടമാവുമ്പോൾ അതുവരെ നാം ചെയ്ത ദൈവത്തിന് പ്രസാദമുള്ള പ്രവൃത്തകളെ സംബന്ധിച്ച് തിരുവചനം പറയുന്നത്, " നീ ഏതിൽ നിന്ന് വീണിരിക്കുന്നു എന്ന് ഓർത്ത് മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവർത്തി ചെയ്യുക എന്നാണ് " (വെളി. 2:5).

അതിനായി ദൈവം നമ്മെ സഹായിക്കട്ടെ! നമ്മുടെ പ്രവൃത്തികളെ ഓർമ്മിക്കുവാനും അനുതപിക്കുവാനും നമുക്ക് സമയം എടുക്കാം. പാപികൾക്കുവേണ്ടി കരഞ്ഞതിനെ നമുക്ക് ഓർക്കാം. നമ്മുടെ മേൽ പകരപ്പെട്ട പ്രാർത്ഥനയുടെ യഥാർത്ഥ ആത്മാവിനെ നമുക്ക് ഓർക്കാം. മറ്റുള്ളവരുടെ കുറവുകളെ നാം കണ്ടിട്ട് നാം ദുഃഖിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിച്ചതും നമുക്ക് ഓർക്കാം. ഇപ്പോൾ ദൈവത്തിന് നമ്മോട് കരുണ തോന്നിയിരിക്കുന്നു. പലപ്പോഴും ക്രിസ്തുവിൽ നമ്മുടെ ഒരു സഹോദരനോ

(ശേഷം 6-ാംപേജിൽ)

(5-ാം പേജിന്റെ തുടർച്ച)

## കർത്താവിന്റെ വരവിന് നിങ്ങൾ ഒരുക്കമാണോ?

സഹോദരിയോ തെറ്റിപ്പോയാൽ അവർക്കു വേണ്ടി പ്രാർത്ഥിക്കേണ്ടതിനു പകരം അവരെ വിമർശിച്ച് വിധിച്ച് അവർക്കെതിരെ ദോഷങ്ങൾ ചിന്തിക്കാറുണ്ട്. ദുഃഖത്തോടെ നമുക്ക് ഓർക്കുകയും അനുതപിക്കുകയും ചെയ്യാം; അത് ജീവിതങ്ങളുടെ രക്ഷയ്ക്ക് കാരണമാവും (2കൊരി. 7:9-11).

ഇങ്ങനെ ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. " ദൈവം സ്നേഹം തന്നെ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. ദൈവം അവനിലും വസിക്കുന്നു " (1യോഹ. 4:6). പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക. സ്നേഹം ദൈവത്തിൽ നിന്നും വരുന്നു; സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽ നിന്നും ജനിച്ചിരിക്കുന്നു; ദൈവത്തെ അറിയുകയും ചെയ്യുന്നു " (1യോഹ. 4:7).

### തമ്മിൽ തമ്മിൽ ക്ഷമിപ്പിൻ

മറ്റുവിശ്വാസികൾ നമ്മോടു പറയുകയോ ചെയ്യുകയോ ഉണ്ടായ കാര്യങ്ങളെക്കുറിച്ച് നാം ക്ഷമിക്കേണ്ടതായ അവസരം ഉണ്ടാവും. യഥാർത്ഥമായി ക്ഷമിക്കണം. വെറും പ്രകടനമായിട്ടല്ല. " നിങ്ങൾ തമ്മിൽ ദയയും മനസലിവും ഉള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടും ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ " (എഫെ. 4:32). യേശു പറയുന്നത് വിധിക്കരുത്. എന്നാൽ നിങ്ങളെയും വിധിക്കയില്ല; ശിക്ഷയ്ക്കു വിധിക്കരുത്. എന്നാൽ നിങ്ങൾക്കും ശിക്ഷാവിധി ഉണ്ടാകയില്ല; വിടുവിൻ, എന്നാൽ നിങ്ങളെയും വിടുവിക്കും (ലൂക്കൊ. 6:37). ക്രിസ്തുവിന്റെ വചനങ്ങൾ വിഷയങ്ങൾക്കു ഒത്തതാണ്.

### ഞാൻ വരും വരെ വ്യാപാരം ചെയ്തു കൊൾവിൻ (ലൂക്കൊ. 19:13)

മടക്കിയകൈകൊണ്ടല്ല, അലസതയോടുമല്ല കർത്താവിന്റെ വരവിനായി നാം കാത്തിരിക്കേണ്ടത്. വ്യാപാരം ചെയ്യുക. കർത്താവു വരുന്നതുവരെ അവിടുത്തെ ഇഷ്ടപ്രകാരം ഉത്സാഹം ഉള്ളവരായിരിക്കണം. "ബുദ്ധിഹീനരാകാതെ കർ ത്താവിന്റെ ഇഷ്ടം ഇന്നതെന്ന് ഗ്രഹിച്ച്കൊൾവിൻ " (എഫെ. 5:17). ശുഷ്കാന്തിയുള്ളവരായിരിക്കണം; വിശ്വസ്തരായിരിക്കണം; കർ ത്താവ് വരും വരെ തീക്ഷണതയോടും സന്തോഷത്തോ ടും വേല ചെയ്യാം! .യാതനാസ്ഥലത്തുള്ള ധനവാനോടു പറഞ്ഞത്.... " നിന്റെ ജീവിതകാലത്ത് നീ നന്മ അനുഭവിച്ചു " (ലൂക്കൊ. 16:25). നമുക്ക് സുഖസമൃദ്ധിയിലേയ്ക്കോ സ്വസ്ഥതയിലേക്കോ ആസക്തികിലേക്കോ ഒഴുകിപ്പോകാൻ സാദ്ധ്യമല്ല. സുവിശേഷത്തിന്റെ വ്യാപ്തി തടയപ്പെടുന്ന ഒരു ലോകത്തിൽ നാം കർത്താവിന്റെ വേലക്കാരാണ്; കർത്താവിന്റെ യഥാർത്ഥ വേലക്കാർ ആത്മഭാരത്തോടെ വേല ചെയ്യുന്നു; അവർ ആവശ്യങ്ങളുടെ മുഖത്താണ്. അവരെ സഹായിപ്പാൻ ആൾ വേണം; ധൈര്യം കൊടുപ്പാൻ ആൾ വേണം. കർത്താവിന്റെ വരവിൽ നമുക്ക് വലിയ പ്രതിഫലമുണ്ട്. "മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ " (മത്താ. 6:33). മ്മുടെ ജീവിതത്തിന്റെ ഏറ്റവും പ്രധാന കാര്യം കർത്താവും തന്റെ വേലയും ആയിരിക്കട്ടെ. നമ്മുടെ ഹൃദയത്തിന്റെ ആഴങ്ങളിലെ ആഗ്രഹവും, ലക്ഷ്യവും, കാത്തിരിപ്പും എല്ലാം അതായിരിക്കട്ടെ.

❖

3-ാം പേജിന്റെ തുടർച്ച

## ആർ നേരത്തെ എഴുന്നേറ്റ് എന്നോടുകൂടെ പ്രാർത്ഥിക്കും?

ച്ചുവയ്ക്കുവാൻ കഴിയാത്ത ഒരു പരസ്യ സാക്ഷ്യവും ആയിരിക്കുമല്ലോ.

ഒരു മനുഷ്യന്റെ ആരോഗ്യത്തിനായി അവനു ഉറങ്ങുവാൻ അത്യാവശ്യമായ ഒരു സമയപരിധിയുണ്ട്. ഏഴുമണിക്കൂർ ഉറക്കം ഒരു മനുഷ്യന് ആവശ്യമാണ്. എനിക്ക് രാത്രിയിൽ ഈ ഏഴു മണിക്കൂർ ലഭിക്കയില്ല. അതുകൊണ്ട് ഞാൻ പകൽ സമയത്ത് ബാക്കിസമയം കണ്ടെത്തി ഉറങ്ങാറുണ്ട്. ജോൺ വെസ്ലി പറഞ്ഞിരിക്കുന്നത്, തന്റെ ശരീരത്തിന് ആറര മണിക്കൂർ ഉറക്കം ആവശ്യമുണ്ട് എന്നാണ്. രാത്രിയിൽ ആറു മണിക്കൂർ ഉറങ്ങു. ആഹാരത്തിനു ശേഷം അരമണിക്കൂർ ഉറങ്ങും. നാം പ്രാർത്ഥിക്കുമ്പോൾ മറ്റാരെക്കാളും കർത്താവിന്റെ മാതൃക പിൻപറ്റേണ്ടതാണ്.

### ജീവിതത്തിലുടനീളം പ്രാർത്ഥന

* രഹസ്യമായും പരസ്യമായും വളരെ പ്രാർത്ഥന നമുക്ക് ആവശ്യമാണ്.

* കുടുംബത്തിന്റെയോ മറ്റുള്ളവരുടെയോ ശല്യം ഉണ്ടാകാത്ത സമയം പ്രാർത്ഥനയ്ക്കായി തെരഞ്ഞെടുക്കേണ്ടതാണ്.

* എല്ലായിടത്തും ഉള്ള എല്ലാവരും വിശുദ്ധ കൈകൾ ഉയർത്തി പ്രാർത്ഥിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു.

* വചനം പ്രസംഗിക്കുന്നവർ മറ്റുള്ളവരെക്കാൾ കൂടുതൽ പ്രാർത്ഥിക്കണം.

* തങ്ങളുടെ ആട്ടിൻ കൂട്ടത്തിനുവേണ്ടിയും തങ്ങളുടെ കുടുംബത്തിനു വേണ്ടിയും, നശിച്ചു പോകുന്നവർക്കു വേണ്ടിയും പ്രാർത്ഥിക്ക എന്നുള്ളത് ഓരോ സഭാശുശ്രൂഷകന്റെയും ജോലിയാണ്.

* കുറഞ്ഞവാക്കിലെ പ്രാർത്ഥനയും യേശുവിനോട് കുറഞ്ഞ വാക്കിലുള്ള സംസാരവും ഒരിക്കലും നല്ല കാര്യമല്ല.

* നാം നമ്മുടെ രക്ഷകനായ കർത്താവായ യേശുവിനെ പിന്തുടരണം.

* അതികാലത്ത് ഇരുട്ടോടെ അവൻ എഴുന്നേറ്റു പുറപ്പെട്ടു ഒരു നിർജ്ജനപ്രദേശത്തു ചെന്ന് പ്രാർത്ഥിച്ചു (മർ. 1:35).

* അവരെ പറഞ്ഞയച്ചു വിട്ടശേഷം താൻ (യേശു) പ്രാർത്ഥിപ്പാൻ മലയിൽ പോയി (മർ. 6:46).

* ആ കാലത്ത് അവൻ പ്രാർത്ഥിക്കേണ്ടതിന് ഒരു മലയിൽ ചെന്നു ദൈവത്തോടുള്ള പ്രാർത്ഥനയിൽ രാത്രി കഴിച്ചു (ലൂക്കൊ. 6:12).

### ഒടുവിൽവരേയും നമ്മുടെ മുഴങ്കാലിന്മേൽ നില്ക്കുക

പ്രാർത്ഥനയും ഇടം എന്നത് നമ്മുടെ നേതാവായ കർത്താവായ യേശുക്രിസ്തുവിന്റെ കീഴിൽ, പാതാളത്തിന്റെ ശക്തികൾക്കും ദൈവത്തിന്റെ വിശുദ്ധന്മാർക്കും ഇടയിലുള്ള ശക്തമായ പോരാട്ടങ്ങളുടെ കേന്ദ്രസ്ഥാനമാണ്. അവിടെയാണ് മുഴങ്കാലിന്മേൽ നിന്ന് പോരാടുകയും മല്ലുപിടിക്കുകയും കരയുകയും ഞരങ്ങുകയും ചെയ്യുന്നവരെ പിന്തിരിപ്പിക്കുവാൻ പിശാച് അവന്റെ സർവ്വശക്തിയും ഉപയോഗിച്ച് പോരാടിക്കൊണ്ടിരിക്കുന്നതും. അവസാന നിമിഷം വരെയും പോരാടി നില്ക്കുന്നു എന്നതിലാണ് കാര്യങ്ങൾ ആശ്രയിച്ചിരിക്കുന്നത്. തന്റെ കാന്തയെ ചേർത്തുകൊള്ളുവാൻ മദ്ധ്യാകാശത്തിൽ ആഗതനാകുന്ന കർത്താവിന്റെ വരവുവരെയും നാം സഹിച്ചു നില്ക്കേണ്ടത് ആവശ്യമത്രേ.

❖

(കഴിഞ്ഞ ലക്കം തുടർച്ച)

**ശക്തമായ പ്രാർത്ഥന**

ദൈവത്തിന്റെ നീതിയിലും ദാനിയേൽ ഉറപ്പുള്ളവനായിരുന്നു. ദാനിയേൽ പറയുന്നു, കർത്താവേ അവിടുന്ന് നീതിമാനാണ്.........(9:7). അടിസ്ഥാനപരമായി ദാനിയേൽ പറയുന്നത്, ദൈവമേ, അവിടുന്ന് യരുശലേമിനെ നശിപ്പിക്കുവാൻ നെബുഖദ്നേസറിനെ അയച്ചു. അവിടുന്ന് ശരിയായ കാര്യം ചെയ്തിരിക്കുന്നു. അതിനെ ഇങ്ങനെ പറയാൻ കഴിയും. ദൈവമേ ഇങ്ങനെ ചെയ്യുവാൻ അവിടുന്ന് അനുവദിച്ചു. അവിടുന്ന് ശരിയായ കാര്യം ചെയ്തിരിക്കുന്നു. അങ്ങനെ സമ്മതിക്കുക എന്നത് നമ്മെ സംബന്ധിച്ചിടത്തോളം അഥവാ ദാനിയേലിനെ സംബന്ധിച്ചിടത്തോളം പ്രയാസമുള്ളകാര്യമാണ്. എന്നാൽ ദൈവം അങ്ങനെയാണ് ചെയ്തത്. ദൈവം ചെയ്തത് ശരിയായ കാര്യമാണ്. കാരണം, തെറ്റായ കാര്യം ചെയ്യുവാൻ ദൈവത്തിന് കഴിയുകയില്ല. അവിടുന്ന് എപ്പോഴും നീതിമാനാകുന്നു. ക്രൂശിനെയും ദൈവപുത്രനെയും നാം നോക്കുമ്പോൾ അവിടെയും നാം കാണുന്നത് ദൈവത്തിന്റെ നീതിയാണ്. പാപത്തെ ഒരിക്കലും ദൈവം പ്രോത്സാഹിപ്പിക്കുന്നില്ല. പാപത്തിന് ന്യായവിധിയുണ്ട്.

ദാനിയേൽ ദൈവത്തിന്റെ നന്മയിലും ഉറപ്പുള്ളവനാണ്. ദൈവമായ കർത്താവ് കരുണയുള്ളവനും ക്ഷമിക്കുന്നവനുമാകുന്നു (വാക്യം 9). ക്രൂശിൽ നാം കാണുന്നത്. എന്റെയും നിങ്ങളുടെയും പാപത്തെ മുഴുവൻ വഹിച്ചുകൊണ്ട് ക്രൂശിലേറിയ യേശുവിന്മേൽ നമ്മുടെ മേൽ വരേണ്ടതായ സകല ന്യായവിധിയും പകരപ്പെടുകയാണ്. നോക്കൂ, ക്രൂശിൽ വേദനപ്പെടുന്ന യേശു ഒരു വശത്ത് ദൈവത്തിന്റെ നീതിയും ന്യായവിധിയും മറുവശത്ത് നാം കാണുന്നത് ദൈവത്തിന്റെ നന്മയും കരുണയും. യോവേൽ 2:12-14 വാക്യങ്ങളിൽ കർത്താവ് സംസാരിക്കുന്നത് "ഞാനും നിങ്ങളും ഇപ്പോഴെങ്കിലും സകല പാപവും, ദുഷ്ടതയും തെറ്റുകളും, പരാജയങ്ങളും വഷളത്വവും ആത്മിക വരൾചകളും വിട്ട് തിരിഞ്ഞ് ഇപ്പോഴെങ്കിലും പൂർണ്ണഹൃദയത്തോടും, അനുതാപത്തോടും കണ്ണുനീരോടും ഉപവാസത്തോടും കൂടെ വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെതന്നെ കീറി ഇപ്പോഴെങ്കിലും അടുത്തു വരുമെങ്കിൽ ദൈവവും മടങ്ങിവന്ന് ഒരു അനുഗ്രഹം വച്ചേയ്ക്കയില്ലയോ? ദൈവം കരുണയുള്ളവൻ ദൈവം നല്ലവൻ. നമുക്ക് ഒരു നല്ല പിതാവത്രേ ഉള്ളത്. അവിടുന്ന് എപ്പോഴും നല്ലവനത്രേ.

ദൈവത്തിന്റെ മഹിമയിൽ ദാനിയേൽ ഉറപ്പുള്ളവനായിരുന്നു. താൻ പറയുന്നത് നിന്റെ ജനത്തെ ബലമുള്ള കൈകൊണ്ട് മിസ്രയീം ദേശത്ത് നിന്ന് കൊണ്ടുവന്ന് ഇന്നുള്ളതുപോലെ നിനക്ക് ഒരു നാമം ഉണ്ടാക്കിയവനായി, ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങൾ പാപം ചെയ്തു ദുഷ്ടത പ്രവർത്തിച്ചിരിക്കുന്നു..... (9:15). ദൈവമേ അവിടുത്തെ പ്രവൃത്തി വീണ്ടും അയയ്ക്കേണമേ. ഫറവോന്റെ കയ്യിൽ നിന്നും യിസ്രായേലിനെ വിടുവിച്ച ദൈവമേ, നിന്റെ ജനം കടന്നു പോകേണ്ടതിന് രാജാക്കന്മാരെ നീക്കിക്കളഞ്ഞ കർത്താവേ, അവിടുത്തെ കരം അമേരിക്കയ്ക്കുവേണ്ടി നീട്ടേണമേ. അടിസ്ഥാന വിശ്വാസത്തിലേക്ക് ഞങ്ങളുടെ രാജ്യത്തെ മടക്കി വരുത്തേണമേ. ദൈവത്തിന്റെ ശക്തിയും മഹത്വവും കുറഞ്ഞുപോയിട്ടല്ലല്ലോ. ദൈവം ഇന്നും വലിയവനാണ്, ശക്തിയുള്ളവനാണ്, നിത്യനും സർവ്വശക്തനുമായ ദൈവമത്രേ. സൃഷ്ടിപ്പിൻ വേലയിൽ പ്രവർത്തിച്ചവൻ. ദാവീദിന് വേണ്ടി, ദാനിയേലിനു വേണ്ടി പ്രവർത്തിച്ച ദൈവം ഇന്നും അതേ മഹിമയിൽ ജീവിച്ചു പ്രവർത്തിക്കുന്നുവല്ലോ. യേശുവിനെ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ചവൻ നമുക്കുവേണ്ടി ജീവിക്കുന്നു. അവിടുത്തേയ്ക്കു കഴിയാത്ത ഒരു കാര്യവുമില്ല. അവിടുന്ന് സർവ്വശക്തനായ ദൈവമത്രേ.

**പാപങ്ങളുടെ ഏറ്റുപറച്ചിൽ**

ദാനിയേലിന്റെ ഏറ്റുപറച്ചിലിനെക്കുറിച്ച് ശ്രദ്ധിച്ചാൽ ബഹുവചനരൂപത്തിൽ സംസാരിക്കുന്നതുകാണുവാൻ കഴിയും. ദാനിയേൽ സംസാരിക്കുന്നത് നമ്മുടെ പാപം, നമ്മുടെ ലജ്ജ. ദാനിയേലിനെക്കുറിച്ച് പഠിക്കുമ്പോൾ ദാനിയേൽ ഒരു മാതൃകാ മനുഷ്യനായിരുന്നു. ആർക്കും ഒരു കുറ്റവും ദാനിയേലിൽ കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല. ആകപ്പാടെ കണ്ടുപിടിച്ച കുറ്റം ദാനിയേൽ മൂന്നു പ്രാവശ്യം പ്രാർത്ഥിക്കുന്നു എന്നതാണ്. ദാനിയേൽ തന്റെ ജനത്തിന്റെ കുറ്റം ഏറ്റു പറയുകയും തന്റെ പ്രാർത്ഥനയിൽ ഉരുവിടുകയും ചെയ്യുന്നത്, ഇങ്ങനെ ഞാൻ പ്രാർത്ഥിക്കയും എന്റെ പാപവും എന്റെ ജനമായ യിസ്രായേലിന്റെ പാപവും ഏറ്റു പറയുകയും .... (9:20).

പ്രിയമുള്ളവരേ, നിങ്ങളുടെ പാപങ്ങളെ ഏറ്റു പറഞ്ഞ ദിവസം കഴിഞ്ഞ ദിവസങ്ങളിലേറ്റവും ഒടുവിലത്തെതാണ്. എന്റെ പാപങ്ങളെ കണ്ടുപിടിച്ച് അനുതപിച്ച ഒരനുഭവം എന്റെ ജീവിതത്തിലുണ്ടായി. കുറെ വർഷങ്ങൾക്കുമുമ്പ് ഞാൻ ഏറ്റിരുന്ന ഒരു ഉണർവ്വ് യോഗത്തിൽ പ്രസംഗിക്കുവാൻ ഏഴു പ്രസംഗങ്ങൾ തയ്യാറാക്കാനായി 10 ദിവസം ഞാൻ വേർതിരിച്ചു. ഞാൻ എന്റെ പ്രവൃത്തി ആരംഭിച്ചു, ആദ്യ ദിവസം എന്റെ പ്രവൃത്തി ആരംഭിച്ചെങ്കിലും ഒന്നും നടന്നില്ല. പിറ്റെ ദിവസം രാവിലെ ഞാൻ ഉണർന്നു, പ്രസംഗം തയ്യാറാക്കാൻ തുടങ്ങി. അന്നും ഒന്നും നടന്നില്ല. അടുത്ത ദിവസം ഞാൻ പ്രാർത്ഥിച്ചു. എനിക്ക് ദൂത് ആവശ്യമാണ്. അതിനെ നൽകേണമേ. ഒന്നും സംഭവിച്ചില്ല. ഞാൻ വളരെ നിരാശനായിരിക്കുമ്പോൾ ഒരു ശബ്ദം എന്റെ കാതുകളിൽ കേട്ടത്, ദൂതിനെക്കുറിച്ച് എനിക്ക് നിന്നോട് ഒന്നും സംസാരിപ്പാനില്ല. എനിക്ക് സംസാരിപ്പാനുള്ളത് നിന്നെക്കുറിച്ചാണ്. അപ്പോൾ ഞാൻ വീണ്ടും പറഞ്ഞു. ദൈവമേ എന്നെക്കുറിച്ച് സംസാരിക്കേണ്ട എനിക്കാവശ്യം ദൂതാണ്. ദൂത് തയ്യാറായശേഷം നമുക്ക് എന്നെക്കുറിച്ച് സംസാരിക്കാം. നിശബ്ദതയായിരുന്നു ഫലം. നിങ്ങൾക്ക് ദൈവത്തെ നിർബ്ബന്ധിക്കുവാൻ കഴിയും. ഒടുവിലായി ഞാൻ മുഴങ്കാലിൽ നിന്നു പറഞ്ഞു, ശരി കർത്താവേ, എന്നോടു സംസാരിപ്പാനുള്ളത് എന്നോട് സംസാരിക്കണം.

ആ സമയം ഒരു പഴയ ഉണർവ്വുകാരനാൽ എഴുതപ്പെട്ട ഒരു ലഘുലേഖ എന്റെ കയ്യിൽ കിട്ടി. അതിൽ പാപത്തിന്റെ ഒരു പട്ടിക എഴുതിയിട്ടുണ്ടായിരുന്നു. അദ്ദേഹം നിർദ്ദേശിച്ചിരുന്നത് മൂന്നു പ്രാവശ്യം അതു വായിക്കണം. ഒന്നാം പ്രാവശ്യം ഞാൻ വായിച്ചപ്പോൾ ഞാൻ ചിന്തിച്ചു, കൊള്ളാം, ഞാൻ അതിൽ ഉൾപ്പെട്ടിട്ടില്ല ഞാൻ രണ്ടാം പ്രാവശ്യവും വായിച്ചു. അതിൽ ഒന്നു രണ്ടു കാര്യങ്ങൾ എന്റെ ജീവിതത്തിലുണ്ട് എന്ന് ഞാൻ

(ശേഷം 8-ാം പേജിൽ )

(7-ാം പേജിന്റെ തുടർച്ച )

**ശക്തമായ പ്രാർത്ഥന**

കണ്ടു. മൂന്നാം പ്രാവശ്യവും ഞാൻ വായിച്ചു. അവയിലോരോന്നും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ എന്റെ ജീവിതത്തിലുള്ളതാണ് എന്ന് കണ്ടു. മൂന്ന് ദിവസങ്ങൾ ഞാൻ കരഞ്ഞു, ഏറ്റുപറഞ്ഞു, അനുതപിച്ചു. ഒടുവിൽ ദൈവം എന്നോടു പറഞ്ഞു, ഞാൻ നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു. മൂന്ന് ദിവസം കൊണ്ട് ഞാൻ ദൂത് തയ്യാറാക്കി. ഞാൻ ശുശ്രൂഷിച്ചു. മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത ദൈവശക്തിയും ഉണർവ്വും ഞാൻ അനുഭവമാക്കി.

**വ്യക്തിപരമായ പാപങ്ങൾക്കുവേണ്ടിയുള്ള അനുതാപം**

നമുക്ക് ഓർക്കുവാൻ കഴിയാത്ത ദൈവം വെളിപ്പെടുത്തിത്തരും. ഞാൻ ഇപ്പോഴും എന്റെ പാപങ്ങളെ ഉണർത്തണമേ എന്ന് പ്രാർത്ഥിക്കുന്നു. താഴെക്കുറിക്കുന്ന ചില പാപങ്ങളുടെ പട്ടിക നമ്മെ അനുതാപത്തിലേക്ക് നയിച്ചേയ്ക്കാം.

1. നന്ദിയില്ലായ്മ 2.വേദപുസ്തകം വായിക്കാതിരിക്കുക.3. അവിശ്വാസം 4. പ്രാർത്ഥനയില്ലായ്മ 5. അഹങ്കാരം,6. അസൂയ, 7. എടുത്തുചാട്ടം 8. പക്ഷം പിടിക്കുക. കള്ളം പറയുക.10. കപടഭക്തി 11.ദുശ്ശീലം. 12. കഠിനമനസ്സ് 13. പക

ഇനിയും പട്ടിക നീളും. മോഹം, വ്യഭിചാരം, അധാർമ്മികത, അങ്ങനെ നീണ്ടുപോകും. എന്നാൽ പാപങ്ങളെക്കുറിച്ച് ബോധമുണ്ടാവാൻ ദൈവമുമ്പാകെ മന:പൂർവ്വമായി അനുതപിക്കുക.

**രാജ്യത്തിന്റെ പാപങ്ങളെക്കുറിച്ച് അനുതപിക്കുക.**

ഒരിക്കൽ നമ്മുടെ പാപങ്ങളെ ഏറ്റു പറഞ്ഞ് കരുണ ലഭിച്ചവർ, നമ്മുടെ രാജ്യത്തിന്റെ പാപങ്ങളെ സംബന്ധിച്ച് അനുതപിക്കണം. ദാനിയേൽ തന്റെ പാപത്തെക്കുറിച്ച് മാത്രമല്ല, തന്റെ രാജ്യത്തിന്റെ - തന്റെ പാപത്തെക്കുറിച്ചും അനുതപിക്കുന്നു. ദൈവം നമ്മോട് കരുണ കാണിക്കട്ടെ! ദൈവം നമ്മെ നടത്തുന്ന നിലയിൽ രാജ്യത്തിനുവേണ്ടി പ്രാർത്ഥിപ്പാൻ ദൈവം നമ്മെ നടത്തുന്ന നിലയിൽ രാജ്യത്തിനുവേണ്ടി പ്രാർത്ഥിപ്പാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. ❖

(4-ാം പേജിന്റെ തുടർച്ച )

**ജോർജ്ജ് മുള്ളറും പ്രാർത്ഥനയിൽ തന്റെ ശക്തിയുടെ രഹസ്യം**

കയും ആളുകളെ സ്നേഹിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയെ എത്രമാത്രം ഉപയോഗിക്കയും അനുഗ്രഹിക്കയും ചെയ്യും എന്നതിന്റെ ഉദാഹരണമാണ് ജോർജ്ജ് മുള്ളർ. ആഗ്രഹിക്കുന്നതുമായ കാര്യങ്ങൾ മുള്ളറിന്റെ വാക്കുകളിലൂടെ നമുക്ക് പരിശോധിക്കാം.

എന്റെ മുമ്പിലുള്ള പൊതുവായ വിഷയങ്ങളെ എന്റെ ജീവിതത്തിലൂടെ പരിശോധിക്കുമ്പോൾ മനസ്സിലാക്കുന്നത്, ദൈവമക്കൾ തങ്ങൾ ആയിരിക്കുന്ന കാലഘട്ടത്തിൽ ആവശ്യമായിരിക്കുന്ന ഏറ്റവും വലിയ കാര്യം തങ്ങളുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുക എന്നതാണ്.

എന്റെ ജീവിതത്തിൽ സഹോദരന്മാരുമായി പങ്കുവെയ്ക്കുവാൻ തക്കവണ്ണം ദൈവവും പിതാവുമായവൻ ചെയ്ത പ്രവൃത്തികളുടെ ദൃശ്യമായ തെളിവുകൾ, തന്നിൽ ആശ്രയിക്കുന്ന തന്റെ ഭക്തന്മാർക്കു വേണ്ടി താൻ ജീവനുള്ള ദൈവം ആകുന്നു എന്ന് തെളിയിക്കുന്ന പ്രവൃത്തികൾ വെളിപ്പെടുത്തിയിരിക്കുന്നു.

ദൈവത്തോട് അടുത്തു ചെല്ലുന്ന തന്റെ ഭക്തന്മാരെ ദൈവവചനത്തിലൂടെ അവരെ പഠിപ്പിക്കുകയോ ഒരുക്കുകയോ മാത്രമല്ല, ദൈവം ചെയ്ത പ്രവൃത്തികളെ ചൂണ്ടിക്കാട്ടി ദൈവം ഇന്നും ജീവിക്കുന്നു എന്ന് അവരെ ബലപ്പെടുത്തുവാൻ ദൈവത്തിന്റെ ആത്മാവ് എന്നെ സഹായിച്ചു. ദൈവവചനം എല്ലാറ്റിനും മതിയായത് എന്ന് ഞാൻ അറിഞ്ഞു, ദൈവകൃപയും വേണ്ടുവോളം പകർന്നു തന്നു, എന്നാൽ ആവശ്യത്തിലിരിക്കുന്ന സഹോദരവർഗ്ഗത്തിന് സഹായത്തിന്റെ ഒരു കൈ നീട്ടുവാൻ ഞാൻ ആഗ്രഹിച്ചു.

അങ്ങനെ ഞാൻ ദൈവസഭയുടെ ശുശ്രൂഷകനായി എന്നെ സമർപ്പിച്ചു. ദൈവം എനിക്ക് കരുണ ചെയ്തു ദൈവവചനം പഠിച്ചു അതിനെ മറ്റുള്ളവർക്ക് പകർന്നുകൊടുത്തു. ദൈവം തന്ന കൃപാവരങ്ങൾ മറ്റുള്ളവർക്ക് അനുഗ്രഹമാക്കിത്തീർത്തു. എന്നാൽ അതിൽ തൃപ്തിപ്പെടാതെ ഞാൻ തുടങ്ങിയതും ഇപ്പോൾ തുടരുന്നതുമായ അനാഥശാലയുടെ പ്രവർത്തനങ്ങളിലൂടെ അനേക അനാഥ കുട്ടികളെ പോറ്റിപ്പുലർത്തുവാൻ വിശ്വാസത്തോടും പ്രാർത്ഥനയോടും ദൈവത്തിങ്കലേക്ക് മാത്രം നോക്കി ദൈവത്തിന്റെ കരുതൽ അനുഭവമാക്കുവാനും അനേകർക്ക് അത് ഒരു അനുഗ്രഹകമായിരിപ്പാനും ദൈവം കൃപ നൽകി. ദൈവം ഇന്നും വിശ്വസ്തനായിരിക്കുന്നു, അവിടുന്ന് ഇന്നും പ്രാർത്ഥന കേൾക്കുന്ന ദൈവം.

1835-ൽ ഞാൻ അനാഥശാല തുടങ്ങുമ്പോൾ എന്റെ ഏറ്റവും വലിയ ലക്ഷ്യം എന്നത് വെറും വചനം പറയുക മാത്രമല്ല പ്രായോഗിക തലങ്ങളിലൂടെ ദൈവത്തിന്റെ നാമം മഹിമപ്പെടണം എന്നും സഭകൾ വിശാലമായി വളരണമെന്നും ദൈവം ജീവിക്കന്ന ദൈവം എന്ന് വെളിപ്പെടുത്തുവാൻ അവിടുന്ന് ചെയ്യുന്ന പ്രവൃത്തികളെ ലോകം അറിയേണമെന്നും ഞാൻ ആഗ്രഹിച്ചു. എന്റെ ആഗ്രഹം വിശാലമായ നിലയിൽ ദൈവം നിറവേറ്റി. ആയിരക്കണക്കിന് ആളുകൾ മാനസാന്തരപ്പെട്ടു, ലോകമെമ്പാടുമുള്ള അനേക ദൈവമക്കൾക്കു ഈ പ്രവർത്തനം മൂലം പ്രയോജനമുണ്ടായി.

ഞാൻ നോക്കിപ്പാർക്കകയും പ്രാർത്ഥിക്കയും ചെയ്ത എല്ലാ മണ്ഡലങ്ങളിലും ദൈവം തന്റെ പ്രവൃത്തിയെ വെളിപ്പെടുത്തി, വിശാലമായ നിലയിൽ പ്രവർത്തനം വളരുന്നു, ദൈവം നടത്തിയ വഴികൾ എത്രയും ശ്രേഷ്ഠമായിരുന്നു. ഞങ്ങളെ ശ്രദ്ധിച്ച പതിനായിരങ്ങൾ ഈ പ്രവർത്തനത്തോട് ചേർന്നു വന്നു. ആയിരങ്ങൾ വന്ന് ഞങ്ങളുടെ പ്രവർത്തനം നേരിൽ കണ്ടു. ദൈവം എന്നെ അനുഗ്രഹിച്ചത് കൂടുതൽ ഉത്സാഹത്തോടെ ചെയ്യുവാൻ എനിക്ക് കാരണമായി. അത് ദൈവത്തിന്റെ മഹത്വത്തിനും കാരണമായി. ഈ ശുശ്രൂഷയിലൂടെ ഞാൻ ആഗ്രഹിച്ചത്: കർത്താവ് നോക്കി സന്തോഷിക്കണം, തന്റെ നാമം ഉയർത്തപ്പെടണം, തന്റെ നാമം മഹത്വപ്പെടണം, അനേകർക്ക് പ്രയോജനപ്പെടണം.... മാത്രമല്ല ഒരു പാവപ്പെട്ട മനുഷ്യനെ വെറും പ്രാർത്ഥനയും ദൈവത്തിലുള്ള ആശ്രയത്താലും ദൈവം എത്രമാത്രം ഉയർത്തും എന്ന് ദൈവജനം അറിയുവാനും തങ്ങളുടെ പശ്ചാത്തലം ഏതുതന്നെ ആയാലും ദൈവത്തിൽ ആശ്രയിച്ചാൽ ദൈവം അവരെ ഉപയോഗിച്ച് അനുഗ്രഹിക്കും എന്നും അറികയും വേണം. ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975